ബാധകമാകുന്നതാണ്. വിരമിക്കുമ്പോൾ ലഭിക്കുന്ന ആനുകൂല്യം, കുട്ടികൾക്കുള്ള വിദ്യാഭ്യാസം, സ്കോളർഷിപ്പുകൾ, പെൺമക്കളുടെ വിവാഹത്തിനുള്ള ധനസാഹായം എന്നിവ ഈ ക്ഷേമനിധിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇവയുടെ ആനുകൂല്യം മെഡിക്കൽ ഷോപ്പ് ജീവനക്കാർക്കും ലഭ്യമാകുന്നതാണ്.

(ഡി) 4-8-1997-ൽ പ്രസിദ്ധീകരിച്ച ജി.ഒ.(ആർ.ടി.) 2267/97/തൊഴിൽ വിജ്ഞാപനം അനുസരിച്ച് കടകളും വാണിജ്യസ്ഥാപനങ്ങളും ഉൾപ്പെടുന്ന മേഖലയിലെ മിനിമം വേതന വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള മെഡിക്കൽ ഷോപ്പിലെ ഫാർമസിസ്റ്റ് അല്ലാത്ത ജീവനക്കാരുടെ മിനിമം വേതനത്തിന്റെ അഞ്ചു വർഷ കാലാവധി 2002 ആഗസ്റ്റിൽ പൂർത്തിയായിട്ടുണ്ട്. ഈ മേഖലയിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

മെഡിക്കൽ ഷോപ്പുകളിലെ ഫാർമസിസ്റ്റു വിഭാഗം ജീവനക്കാരുടെ മിനിമം വേതനം 31-3-2003-ലെ 924/2003/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

## ക്ഷേമനിധി ബോർഡുകളുടെ ആസ്തി

66 [2838] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഓരോ ക്ഷേമനിധി ബോർഡുകളുടെയും ആസ്തിയെപ്പറ്റി വെളിപ്പെടുത്താമോ?

## ഉത്തരം

വിവരം ശേഖരിച്ച് നൽകുന്നതാണ്.

## കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ബോണസ് നൽകാൻ നടപടി

67 [2839] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളുമായി ബന്ധപ്പെട്ട് പെൻഷൻ പദ്ധതികൾ നിലവിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ബോർഡിനു കീഴിലും ഇപ്പോൾ എത്ര തൊഴിലാളികൾക്ക്, എന്തു തുക വീതം പെൻഷൻ നൽകിവരുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly